## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.4979 — 14/11/2019 ൽ മറുപടിക്ക്

## കോട്ടയം ജില്ലയിലെ റീ സർവ്വേ നടപടികൾ

**ചോദ്യം**

**ശ്രീമതി സി.കെ. ആശ**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിൽ റീ സർവ്വേ നടപടികൾ പൂർത്തിയാക്കാത്ത എത്ര താലൂക്കുകളുണ്ടെന്ന് വെളിപ്പെടുത്താമോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ; | (എ) | കോട്ടയം ജില്ലയിൽ ആകെയുള്ള 5 താലൂക്കുകളിൽ 4 താലൂക്കുകളുടെ (കോട്ടയം, മീനച്ചിൽ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി) റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. വൈക്കം താലൂക്കിലെ 13 വില്ലേജുകൾ റീസർവ്വെ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്. |
| (ബി) | വൈക്കം താലൂക്കിൽ നടന്നു വരുന്ന റീ സർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വൈക്കം താലൂക്കിൽ ആകെ 18 വില്ലേജുകളാണുള്ളത്. ഇതിൽ കടുത്തുരുത്തി, കോതനല്ലൂർ, മാഞ്ഞൂർ, മുളക്കുളം, ഞീഴൂർ എന്നീ വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ടി താലൂക്കിലെ മുട്ടുചിറ വില്ലേജിന്റെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം സർവ്വെ റിക്കാർഡുകൾ 11/11/2019 ന് പ്രദർശിപ്പിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ വടയാർ വില്ലേജിന്റെ റീസർവ്വെ പ്രവർത്തനങ്ങൾക്കുള്ള റിക്കാർഡ് കളക്ഷൻ ജോലികൾ നടന്നുവരുന്നു. |
| (സി) | വൈക്കത്ത് അനുവദിക്കപ്പെട്ട റീ സർവ്വേ ഓഫീസ് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ; | (സി) | നിലവിൽ വൈക്കം താലൂക്കിൽ റീസർവ്വെ സൂപ്രണ്ടാഫീസ് പ്രവർത്തിച്ചുവരുന്നുണ്ട്. റീസർവ്വെ നടപടികൾ പൂർത്തിയായ ചങ്ങനാശ്ശേരി താലൂക്കിലെ റീസർവ്വെ സൂപ്രണ്ട് ഓഫീസ് വൈക്കം താലൂക്കിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിലേയ്ക്ക് മാനദണ്ഡ പ്രകാരമുള്ള കെട്ടിടം കണ്ടെത്തി |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സർവ്വെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി റീസർവ്വെ ഓഫീസ് മാറ്റുന്നതിനെതിരെ നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും, അതുവരെ ചങ്ങനാശ്ശേരി താലൂക്കിലെ റീസർവ്വെ സൂപ്രണ്ട് ഓഫീസ് മാറ്റുന്ന നടപടികൾ നിർത്തിവെയ്ക്കുവാനും സർവ്വെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | വൈക്കം താലൂക്കിലെ റീ സർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | വൈക്കം താലൂക്കിലെ ആകെ 18 വില്ലേജുകളിൽ 5 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. മുട്ടുചിറ വില്ലേജിന്റെ റീസർവ്വേ ജോലികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം സർവ്വെ റിക്കാർഡുകൾ 11/11/2019 ന് പ്രദർശിപ്പിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജില്ലയിൽ റീസർവ്വെ ജോലികൾക്കായി 56 സർവ്വെയർമാരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള 5 പേരും ജില്ലയിലെ സ്പെഷ്യൽ സർവ്വെ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള 23 പേരേയും കഴിച്ച് ശേഷിക്കുന്ന 28 സർവ്വെയർമാരെ ഉപയോഗിച്ച് മുട്ടുചിറ വില്ലേജിന്റെ റീസർവ്വെ പൂർത്തീകരിക്കുന്നതിനും, തുടർന്ന് വടയാർ വില്ലേജിന്റെ റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ